(സി) ടി.ടി.പി.-യിൽനിന്നും പുറംതള്ളുന്ന ഫെറസ് സൾഫേറ്റിൽനിന്ന് ഫെറിക് ഓക്സൈഡ് നിർമ്മിക്കുന്ന പദ്ധതി ചെലവ് കൂടിയതാണ്. കമ്പനിയുടെ നിലവിലെ സാമ്പത്തിക സ്ഥിതി പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ പര്യാപ്തമല്ല. കമ്പനിയിൽ നടപ്പിലാക്കുന്ന മലിനീകരണ പദ്ധതിയായ കോപ്പറാസ് റിക്കവറി പ്ലാന്റിന്റെ പ്രവർത്തനം സജ്ജമാകുമ്പോൾ മലിനജലത്തിൽനിന്ന് ഫെറസ് സൾഫേറ്റ് വേർതിരിച്ചെടുക്കാൻ സാധിക്കുന്നതാണ്. ഇതുമൂലം ടൈറ്റാനിയം ഡയോക്സൈഡിന്റെ ഗുണമേന്മ വർദ്ധിക്കുകയും വ്യാവസായിക പ്രാധാന്യമുള്ള ഫൈബർ ഗ്രേഡ് ടൈറ്റാനിയം ഡയോക്സൈഡിന്റെ ഉല്പാദനവും സാധ്യമാക്കാവുന്നതാണ്.

പട്ടികവർഗ്ഗക്കാർക്ക് ഭൂമിയും പാർപ്പിടവും

24(*204) ശ്രീ. ബി. സത്യൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർക്ക് ഭൂമിയും പാർപ്പിടവും നല്കുന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(ബി) പദ്ധതി പ്രാവർത്തികമാക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പദ്ധതിയുടെ പൂർത്തീകരണം എന്നത്തേക്ക് സാധിക്കുമെന്ന് വിശദാംശം സഹിതം വ്യക്തമാക്കുമോ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി):

(എ) പട്ടികവർഗ്ഗക്കാർക്ക് ഭൂമി:

2014-ൽ പട്ടികവർഗ്ഗ വികസന വകുപ്പ് ശേഖരിച്ച കണക്കുപ്രകാരം സംസ്ഥാനത്ത് 10517 ഭൂരഹിതരുണ്ട്. പട്ടികവർഗ്ഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനായി ടി.ആർ.ഡി.എം. വനാവകാശ നിയമം, ആശിക്കുന്ന ഭൂമി ആദിവാസിക്ക് സ്വന്തം എന്നിവയിലൂടെ പട്ടികവർഗ്ഗ വികസന വകുപ്പും കെ.എസ്.റ്റി. ആക്ട്, ഭൂരഹിത കേരളം എന്നീ പദ്ധതികളിലൂടെ റവന്യൂ വകുപ്പും ഭൂമി വിതരണം ചെയ്യുവരുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗക്കാർക്ക് പാർപ്പിടം:

ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളിൽ വീടുവയ്ക്കാൻ സ്ഥലം ലഭ്യമായ മുഴുവൻ പേർക്കും ഭവന നിർമ്മാണം നടത്തുന്നതിനായി സർക്കാരിന്റെ മിഷൻ 676 പദ്ധതിയിൽപ്പെടുത്തി സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി പ്രഖ്യാപിച്ചിരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന ജനറൽ ഹൗസിംഗ് പദ്ധതി എസ്.റ്റി.എസ്.പി. പദ്ധതി, ഹഡ്കോ വായ്പ തുക ഉപയോഗിച്ച് നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതി എന്നിവയിലൂടെയും ഗ്രാമ വികസന വകുപ്പ് നടപ്പിലാക്കുന്ന ഐ.എ.വൈ. പദ്ധതിയിലൂടെയും മുഴുവൻ ഭവനരഹിത പട്ടികവർഗ്ഗക്കാർക്കും വീട് നൽകുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതി പുരോഗമിച്ചു വരുന്നു. സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി പ്രകാരം 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ ആകെ 24,244 വീടുകൾ അനുവദിച്ച് നിർമ്മിച്ചുവരുന്നു.

(ബി) പദ്ധതികൾ പ്രാവർത്തികമാക്കുന്നതിലെ കാലതാമസം സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു:

പദ്ധതികൾ പ്രാവർത്തികമാക്കുന്നതിൽ കാലതാമസമുണ്ടാകുന്നില്ല. എന്നാൽ ഭൂമി കണ്ടെത്തി രേഖകൾ ക്രമപ്രകാരം പരിശോധിച്ച് പർച്ചേസ് കമ്മിറ്റി അംഗീകരിച്ച് ക്രയവിക്രയം നടത്തുന്നതിന് സ്വാഭാവികമായ കാലയളവ് ആവശ്യമായിട്ടുണ്ട്.

ഭവനനിർമ്മാണ പദ്ധതിയിലെ കാലതാമസം:

ഭവനനിർമ്മാണ പദ്ധതി പ്രാവർത്തികമാക്കുന്നതിൽ കാലതാമസമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഭവന നിർമ്മാണ സാധനസാമഗ്രികളുടെ ദൗർലഭ്യം, വിദഗ്ധരായ കൈത്തൊഴിലുകാരുടെ അഭാവം, ഭവന നിർമ്മാണം നടക്കുന്ന സ്ഥലത്ത് എത്തിച്ചേരാനുള്ള ബുദ്ധിമുട്ട്, കാലാവസ്ഥാ വ്യതിയാനം എന്നീ കാരണങ്ങളാലും ഭവന നിർമ്മാണ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് കാലയളവ് ആവശ്യമായിട്ടുണ്ട്.

(സി) പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള എല്ലാവിധ നടപടിക്രമങ്ങളും പട്ടികവർഗ്ഗ വികസന വകുപ്പ് കൈക്കൊണ്ടുവരുന്നു. വിവിധ കാരണങ്ങളാൽ ഓരോ പദ്ധതിയും അനുവദിച്ചു നൽകിയ അതേ സാമ്പത്തിക വർഷത്തിൽത്തന്നെ പൂർത്തീകരിക്കാൻ സാധിക്കാതെ വരികയാണെങ്കിൽ തൊട്ടടുത്ത വർഷം ആയത് എല്ലാ വിധത്തിലും പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള പ്രത്യേക നടപടികൾ പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിക്കാറുണ്ട്.